IV. ക്രമപ്രശ്നം

(a) ഫിനാൻസ് ബില്ലിന്റെ അവതരണം

ശ്രീ. മത്തായി ചാക്കോ: സർ, 2 കാര്യങ്ങളാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുദ്ദേശിക്കുന്നത്. ഒന്ന് ഫിനാൻസ് ബിൽ ഡിമാന്റ് ചർച്ച പൂർത്തീകരിക്കുന്നതിന് മുൻപ് ഈ സഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് അവതരിപ്പിക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനൊരാവശ്യവുമില്ല. ഫിനാൻസ് ബിൽ ഷെഡ്യൂൾ ചെയ്ത് കഴിഞ്ഞു. ഈ ബില്ലിൽ 350-ഓളം ഭേദഗതികളുണ്ട്. അത് കഴിഞ്ഞിട്ട് പ്രധാനപ്പെട്ട സർവ്വകലാശാല ഭേദഗതി ബില്ലാണ്. ടൂറിസം ബില്ലുണ്ട്. അതുകൊണ്ട് സാധാരണ ഫിനാൻസ് ബിൽ അവതരിപ്പിക്കുന്ന ദിവസം മറ്റൊരു ഏർപ്പാടും വയ്ക്കാറില്ല. അത് അങ്ങേയ്ക്ക് എന്നെക്കാൾ കൂടുതൽ അറിയാമല്ലോ. BAC തീരുമാനം എടുത്തിട്ടുണ്ടെങ്കിലും ഈ ബില്ലുകളുടെ ചർച്ച ഇതേപോലെ വേറെ ഒരു ദിവസം വയ്ക്കാവുന്നതല്ലേ ഉള്ളൂ.

(b) റൂളിംഗ്

മി. സ്പീക്കർ : ധനകാര്യ ബിൽ ചർച്ച ചെയ്യുന്ന ദിവസം മറ്റൊരു ബില്ലും പരിഗണിക്കാൻ പാടില്ല എന്നുള്ള നിബന്ധന ഒന്നുമില്ല. 3 മണിക്കൂറാണ് ധനകാര്യ ബില്ലിന് സാധാരണ കൊടുക്കുക. അത് ഇന്നും കൊടുത്തിട്ടുണ്ട്. സാധാരണ ഉച്ച തിരിഞ്ഞ് പ്രത്യേക സാഹചര്യത്തിൽ മാത്രമെ സഭ ചേരാറുള്ളൂ. ഈ 7-ാം തീയതി നമ്മൾ ഷെഡ്യൂൾ പ്രകാരം വച്ചിരുന്നു. പക്ഷേ സി.പി.ഐ.യുടെ സംസ്ഥാന സമ്മേളനം പ്രമാണിച്ച് അന്ന് അവധി വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഈ കാര്യം ബി.എ.സി-യിൽ ചർച്ച ചെയ്ത് എല്ലാപേരും കൂടി ഉണ്ടാക്കിയ സമവായത്തിന്റെ അടിസ്ഥാനത്തിൽ ഉച്ച തിരിഞ്ഞ് ചർച്ചയ്ക്ക് ഇരിക്കാനായിട്ട് തീരുമാനം എടുത്തതാണ്. ആ തീരുമാനം സഭയിൽ റിപ്പോർട്ട് മുഖേന വന്നു. അത് നമ്മൾ അംഗീകരിച്ചു. നീട്ടാം എന്നുവച്ചാൽ പ്രായോഗികമായ ചില ബുദ്ധിമുട്ടുകൾ കൂടിയുണ്ട്. ഇത് ഓർഡിനൻസ് റീപ്ലേസ് ചെയ്യാനുള്ളതായതുകൊണ്ടും സമയപരിധിയുള്ളതുകൊണ്ടും പ്രായോഗികമായ ഒരു സമീപനം എന്ന നിലയ്ക്കാണ് എല്ലാ കക്ഷി നേതാക്കളും സമ്മതിച്ച് ഇങ്ങനെയൊരു തീരുമാനം ഉണ്ടായത്. അതിൽ നിയമവിരുദ്ധമായിട്ട് യാതൊന്നുമില്ല. ഈ സാഹചര്യങ്ങൾ കണക്കിലെടുക്കുവാൻ എല്ലാപേരും സമ്മതിക്കുക.

ധനകാര്യവും, എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): എല്ലാ കക്ഷി നേതാക്കളും ചേർന്ന് തീരുമാനിച്ച് റിപ്പോർട്ട് സഭയിൽ വന്നതാണ്. സഭ അംഗീകരിച്ചതുമാണ്. ഇങ്ങനെയൊരു കീഴ്വഴക്കമില്ല. .....ബഹളം.....

V. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ : സർ, അനൗദ്യോഗിക പ്രമേയങ്ങളും, ബില്ലുകളും സംബന്ധിച്ച സമിതിയുടെ 32-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിൽ ഇതിനു യാതൊരു ബാറുമില്ല. ഒന്നുരണ്ട് ഫാക്ട്സുണ്ട്. ബിൽ കൊടുത്തു വെങ്കിലും മെമ്പേഴ്സിനു സമയം കിട്ടിയില്ല എന്നുള്ള ഒരു ഫാക്ട് ഉണ്ട്. സമയം കിട്ടിയില്ലെങ്കിലും 360 അമെന്റുമെന്റുണ്ടായിരുന്നു, ഇവിടെ സംസാരിച്ച എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും അതിനു അമെന്റുമെന്റ് തന്നിട്ടുമുണ്ട്. ഇതിനു ഒരു ഡിസ്ക്ക്ഷൻ പോലും അനുവദിക്കാൻ പാടില്ലാത്തതാണ്. മലയാളത്തിലുള്ള കോപ്പി തരേണ്ടതു തന്നെയാണ്. It is not mandatory. പല ബില്ലുകളും നമ്മൾ ഇംഗ്ലീഷിൽ പാസ്സാക്കിയിട്ടുണ്ട്. ചിലതിന്റെ അത്യാവശ്യം അനുസരിച്ചും, ബില്ലിന്റെ സ്വഭാവം അനുസരിച്ചും അർജൻസി അനുസരിച്ചും ഇംഗ്ലീഷിൽ ഡിബേറ്റു ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട എം. എം. ഹസ്സൻ ഇപ്പോൾ ആദ്യം കാണുകയാണെന്നു തോന്നുന്നു. ഭരണഘടനാപരമായ കാര്യങ്ങൾകൂടി നമ്മൾ നോക്കണം. ഇത് ഏപ്രിൽ 1-ാം തീയതി മുതൽ നടപ്പിലാക്കേണ്ടതാണ്. ഏപ്രിൽ 1-ാം തീയതി തൊട്ട് ഇതിന്റെ പ്രൊവിഷനെല്ലാം നടപ്പിലാക്കണമെങ്കിൽ, ഇപ്പോഴേ ഇത് പാസ്സാക്കി, ഇതിന്റെ റൂളും ചട്ടവുമെല്ലാം അംഗീകരിച്ചു വന്നാൽ മാത്രമേ, ഇതിൽ പലതും 1-ാം തീയതി നടപ്പിലാക്കാൻ പറ്റൂ. അല്ലെങ്കിൽ 1-ാം തീയതി നടപ്പിലാക്കാൻ പറ്റില്ല. അതുകൊണ്ടാണ് ഇത് നേരത്തെ എടുക്കുന്നത്. കേരളത്തിൽ മാത്രമല്ല പല ഹൗസുകളിലും ഇതു നേരത്തെ പാസ്സാക്കുന്നുണ്ട്. പത്തു മുപ്പതു കൊല്ലത്തിനുശേഷം ആദ്യമായിട്ടാണ് മുഴുവൻ ബഡ്ജറ്റും പാസ്സാക്കുന്നത്. ഇപ്പോൾ ഫിനാൻസ് ബിൽ പാസ്സാക്കിയാൽ മാത്രമേ അതു സാധ്യമാകുകയുള്ളൂ. അല്ലെങ്കിൽ ഭരണ സ്തംഭനമാണ് ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ട് ഇന്നുതന്നെ അതെടുക്കണമെന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. There is absolutely no bar.

(b) റൂളിംഗ്

മി. സ്പീക്കർ: എല്ലാവരും പറയുന്ന കാര്യങ്ങൾ കേട്ടു. വളരെ ഗൗരവതരമായ പോയിന്റുകളാണ് ഇവിടെ പലരും ഉന്നയിച്ചത്. അത് സാങ്കേതികമായി, ഈ സമയത്ത് ഉന്നയിക്കണമോ വേണ്ടയോ എന്ന ഒരു തലനാരിഴ വാദത്തിന്റെ അടിസ്ഥാനത്തിൽ, ഞാൻ എന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാതിരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ എല്ലാവരും പറഞ്ഞതുപോലെ, കോൺസ്റ്റിറ്റ്യൂഷണൽ ആയിട്ടു പറയുകയാണെങ്കിൽ ധനകാര്യ ബില്ലിനെപ്പറ്റി പറയുന്നത് ആർട്ടിക്കിൾ 207-ലാണ്. അതിൽ പറയുന്നത്, (i) shall not be introduced or moved except on the recommendation of the Governor (ii) shall not be introduced in Legislative Council ആ രണ്ടു കണ്ടീഷൻസാണ് നിർബന്ധമായും ആർട്ടിക്കിളിൽ പറഞ്ഞിട്ടുള്ളത്. ആ ഒരു തടസ്സം ഇവിടെയില്ല. മെമ്പർമാർ സൂചിപ്പിച്ചതുപോലെ ഇവിടെ റൂളുകളിലും, ചട്ടങ്ങളിലും ക്ലിപ്തമായ നടപടിക്രമം രൂപീകരിച്ചിട്ടുമില്ല. പക്ഷേ ഇതുവരെ ചെയ്യാറുള്ള ഒരു സമ്പ്രദായം, ഫിനാൻസ് ബില്ലിനു മുമ്പ് മറ്റു നടപടികൾ നടത്തും. ഇനി മലയാളത്തിന്റെ കാര്യം പറയാം. ഫിനാൻസ് ബില്ലിൽ അമെന്റു ചെയ്യാൻ ഉദ്ദേശിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആറു ബില്ലുകളുടെ, ഒറിജിനലുകൾ ഇംഗ്ലീഷിലാണ്. പക്ഷേ അതേ സമയത്തു തന്നെ, നമ്മുടെ സർക്കാരിന്റെ നയമനുസരിച്ച്, മെമ്പർമാരുടെ സൗകര്യമനുസരിച്ച്, മലയാളത്തിൽ ബില്ലുകൾ വിതരണം ചെയ്യണമെന്ന കാര്യം വളരെ അംഗീകരിക്കപ്പെടേണ്ട ഒരു വസ്തുതയാണ്. ഇന്നലെ ഈ നോട്ടീസ് കിട്ടിയപ്പോൾ തന്നെ അക്കാര്യം ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹം അതിനു നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. സാങ്കേതികമായ പദപ്രയോഗങ്ങൾ ആയതുകൊണ്ട് വളരെ എളുപ്പത്തിൽ അതു കിട്ടാനുള്ള പ്രയാസം നേരിട്ടു എന്ന് അദ്ദേഹം എന്നോടു വിശദീകരിച്ചു. എന്തായാലും കാരണങ്ങൾ ശരിയാകാം എങ്കിലും മെമ്പർമാർക്ക് മലയാളത്തിൽ കോപ്പി കിട്ടാനുള്ള അവകാശം നിഷേധിക്കുന്നത് ശരിയല്ല. അക്കാര്യത്തിൽ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് എന്നാണ് മലയാളം തർജ്ജിമയെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. മറ്റു പ്രധാനപ്പെട്ട, സാങ്കേതികമായ പ്രശ്നത്തെക്കുറിച്ചു പറയുകയാണെങ്കിൽ, കോൺസ്റ്റിറ്റ്യൂഷനിൽ, ഇതിന്റെ ആർട്ടിക്കിളിനെപ്പറ്റി പറഞ്ഞു, നമ്മുടെ റൂളുകളിൽ, ഇതിനെപ്പറ്റി പറഞ്ഞിട്ടില്ല. ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതുപോലെ ആദ്യത്തെ നടപടിക്രമം ഇതല്ലാതിരുന്നതുകൊണ്ടായിരിക്കണം അങ്ങനെയൊരു lacuna അവിടെ വന്നത്. ഇതിനെപ്പറ്റി പരാമർശിക്കാൻ ഇടവരാതിരുന്നത് അതുകൊണ്ടായിരിക്കാം. ഏതായാലും ഇന്നിവിടെ ഉന്നയിച്ച ഈ പ്രത്യേക സാഹചര്യത്തിൽ റൂളുകളെപ്പറ്റിയും നടപടിക്രമങ്ങളെപ്പറ്റിയും ഒന്നുകൂടി സംശയാസ്പദമല്ലാത്ത വിധത്തിൽ വിശദീകരിക്കേണ്ട കാര്യത്തെക്കുറിച്ചും റൂളുകളുടെ ഭേദഗതികളെപ്പറ്റിയും നമുക്ക് ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി യോഗം ചേർന്ന്, ചർച്ച ചെയ്യാം. അതേ സമയം ഇപ്പോഴത്തെ നിലപാടുകൾ അനുസരിച്ചാണെങ്കിൽ എല്ലാ മെമ്പർമാരും പറഞ്ഞതനുസരിച്ച് നിയമാനുസരണം ഒരു വിലക്ക് ഇല്ല. നടപടിക്രമം അനുസരിച്ച് കീഴ്വഴക്കം മറ്റേ നിലയ്ക്കുമാണ്. ഇതെല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. പിന്നെ എന്തുകൊണ്ട് ഇപ്പോൾ ഇങ്ങനെ വന്നു എന്നത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വിശദീകരിച്ചു. വാറ്റ് നിയമം അടുത്ത 1-ാം തീയതി പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. അതിനു മുമ്പ് ചട്ടങ്ങൾ രൂപീകരിച്ചില്ലെങ്കിൽ പ്രായോഗികമായ പ്രശ്നങ്ങൾ വരും. ഈയൊരു സാഹചര്യം കണക്കിലെടുക്കുമ്പോൾ അനിതര സാധാരണമായ ഒരു പ്രത്യേക സാഹചര്യം എന്ന നിലയ്ക്ക് നമ്മൾ അതിന് ഒരു തടസ്സവാദം ഉന്നയിച്ചു. കീഴ്വഴക്കങ്ങൾ, ഓരോ സന്ദർഭങ്ങളിലാണ് ഉണ്ടാകുന്നത്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കണക്കിലെടുക്കുമ്പോൾ, അതായത് അനിതര സാധാരണമായ ഒരു സാഹചര്യത്തിൽ, റൂളുകൾ ഈ മാസം തന്നെ ഫ്രെയിം ചെയ്യേണ്ടതുള്ളതുകൊണ്ടും, പ്രായോഗികമായി ഉണ്ടാകുന്ന ചില ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ടും, നേരത്തെ തന്നെ ബി.എ.സി. തീരുമാനിച്ച് ഇവിടെ അംഗീകരിച്ചു വന്ന സാഹചര്യത്തിലും, എല്ലാ അംഗങ്ങളും ഉന്നയിച്ച കാര്യങ്ങളിൽ കഴമ്പുണ്ടെന്ന് സമ്മതിക്കുന്നതോടൊപ്പം തന്നെ ഒരു പ്രത്യേക സാഹചര്യത്തിൽ ഈ തടസ്സവാദങ്ങൾ ഞാൻ uphold ചെയ്യുന്നില്ല. ബിൽ അവതരിപ്പിക്കാനുള്ള അനുവാദം നൽകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly